# കാലത്തെ ചീത്ത പറയരുത്

അല്ലാഹുﷻ പറഞ്ഞു:

﴿ وَقَالُواْ مَا هِيَ إِلَّا حَيَاتُنَا ٱلدُّنۡيَا نَمُوتُ وَنَحۡيَا وَمَا يُهۡلِكُنَآ إِلَّا ٱلدَّهۡرُۚ ﴾

(അവർ പറഞ്ഞു: ജീവിതമെന്നാൽ നമ്മുടെ ഐഹിക ജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു.............)(വി.ക്വു. 45: 24)

അബൂഹുറയ്റ رضي الله عنه വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«قال اللّهُ تعالى: يُؤْذِيني ابْنُ آدَمَ. يَسُبّ الدّهْرَ. وَأَنَا الدّهْرُ. أُقَلّبُ اللّيْلَ وَالنّهَارَ». وفي رواية: «لاَ تَسُبّوا الدّهْرَ. فَإِنّ اللّهَ هُوَ الدّهْرُ».

അല്ലാഹുﷻ പറഞ്ഞു: «ആദമിന്റെ പുത്രൻ എന്നെ ദ്രോഹിക്കുന്നു. അവൻ കാലത്തെ ചീത്ത പറയുന്നു. ഞാനാണ് കാലം; ഞാനാണ് രാവിനേയും പകലിനേയും മാറ്റി മറിക്കുന്നത്.»
(ബുഖാരി)

മറ്റൊരു രിവായത്തിൽ: "നിങ്ങൾ കാലത്തെ ചീത്ത പറയരുത്. കാരണം, അല്ലാഹു അവനാണ് കാലം. (കാലത്തെ മാറ്റി കൊണ്ടിരിക്കുന്ന കർത്താവ്) "(മുസ്ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- കാലത്തെ ചീത്ത പറയുന്നതിനെ തൊട്ടുള്ള വിരോധം.
- അത് അല്ലാഹുﷻക്ക് ദ്രോഹമാണെന്ന് വിളിക്കൽ.

- “കാരണം, അല്ലാഹു അവനാണ് കാലം. (കാലത്തെ മാറ്റി കൊണ്ടിരിക്കുന്ന കർത്താവ്)”എന്നവാക്യം നിരീക്ഷിക്കൽ.
- ക്വൽബുകൊണ്ട് ഉദ്ദേശിച്ചിട്ടില്ലെങ്കിലും ചിലപ്പോൾ ചീത്ത പറഞ്ഞവനാകും.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**